# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2425      05/02/2018-ൽ മറുപടിക്ക്

## വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.ടി.എ. റഹീം**<br>**,, ഒ. ആർ. കേളു**<br>**,, കെ. ബാബു**<br>**പ്രൊഫ.കെ.യു. അരുണൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) & (ബി) | പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നേരത്തെ അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, സ്ഥിര മേൽവിലാസം തെളിയിക്കുന്ന രേഖ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നൽകുന്ന പ്രത്യേക അനുമതി, തുടങ്ങി പല രേഖകളും ഹാജരാക്കേണ്ടതുണ്ടായിരുന്നു. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്രഅടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുത കണക്ഷൻ നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ സർവീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ, അപേക്ഷ ഫോറം |
| (ബി) | ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് നിലവിൽ ഗാർഹിക കണക്ഷനുകൾ നൽകുന്നതെന്ന് വ്യക്തമാക്കാമോ; | | |

(...2)

| | | | |
|---|---|---|---|
| | | | ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പുറമ്പോക്ക് ഭൂമിയിൽ വീട് വെച്ച് താമസിക്കുന്നവർക്കും പട്ടയം ലഭിച്ചിട്ടില്ലാത്തവർക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഭൂമിക്ക് പട്ടയം ലഭ്യമല്ലാത്തതിന്റെ പേരിലോ മറ്റ് ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതിന്റെ പേരിലോ വൈദ്യുതി കണക്ഷൻ നല്കാൻ സാധിക്കാത്ത സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്രഅടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പരോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുത കണക്ഷൻ നൽകാൻ ഉത്തരവ് പുറപ്പെടുവിക്കുകയും കെ.എസ്.ഇ.ബി. അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നല്കുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ